**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 206 — 12.06.2018 ൽ മറുപടിക്ക്

## ഖാദി ഗ്രാമ വ്യവസായ മേഖലയിൽ തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഖാദി ഉല്പാദന വിപണന രംഗത്ത് മുന്നേറ്റം കൈ വരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി യിട്ടുള്ളത്; | (എ) സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഖാദി ഉല്പാദന വിപണന രംഗത്ത് മുന്നേറ്റം കൈവരിക്കുന്നതിന്റേയും ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്നതരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കി വരികയും അത് പ്രകാരം അഞ്ച് വർഷം കൊണ്ട് അയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവയാണ്. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിൽ മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ |

| | | | |
|---|---|---|---|
| | | | സബ്സിഡി അനുവദിച്ചു നൽകുന്നു.<br>ഖാദി ഗ്രാമ വ്യവസായ വിപണന രംഗത്ത് കൂടുതൽ മുന്നേറ്റം കൈവരിക്കുന്നതിന് വേണ്ടി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ്, ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ – ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഖാദി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ, ടോയ്‌ലെറ്റ്) ഏർപ്പെടുത്തുന്നതിനും വേണ്ടി സർക്കാർ സഹായത്തോടെ തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയിട്ടുമുണ്ട് (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും), ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഖാദി മേഖലയിലെ അംഗീകൃത സ്ഥാപനങ്ങൾക്കും ഖാദി സഹകരണ സംഘങ്ങൾക്കും ബോർഡ് എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നത്; | (സി) | ഖാദി ബോർഡിലും ഖാദി കമ്മീഷനിലും രജിസ്റ്റർ ചെയ്ത് ഖാദി വ്യവസായം നടത്തുന്ന ഖാദി സംഘങ്ങളുടേയും സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് മുകളിൽ പറഞ്ഞ ക്ഷേമാനുകൂല്യങ്ങളും കൂലിയും ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് ഫ്ലാഗ്ഷിപ്പ് സ്കീമിലൂടെ സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തൊഴിലുപകരണങ്ങൾ, വർക്ക്ഷെഡ് എന്നിവ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനും സഹായം ലഭ്യമാക്കുന്നുണ്ട്. ടി പദ്ധതിക്ക് 2016-17 ൽ 8 ലക്ഷവും, 2017-18 ൽ 10 ലക്ഷം രൂപയും അനുവദിക്കുകയും തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ൽ 15 ലക്ഷം രൂപ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | എല്ലാ ജില്ലകളിലും ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ഡി) | ഖാദി ഗ്രാമം പദ്ധതി 5 വർഷം കൊണ്ട് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ്. ആയതിന്റെ പ്രാരംഭ വർഷമായ 2017-18 ൽ കണ്ണൂർ, കാസർഗോഡ്, വയനാട്, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ആയതിലേക്ക് 4.52 കോടി രൂപ അനുവദിക്കുകയും ലഭ്യമായ ഒരു കോടി രൂപ പൂർണ്ണമായും വിനിയോഗിച്ച് 10 ഖാദി ഗ്രാമം (ചർക്ക), 5 ഖാദി ഗ്രാമം (തറി) എന്നിവ സൃഷ്ടിക്കുന്നതിലേക്കായി 250 ചർക്കകളും 50 |

| | | | |
|---|---|---|---|
| | | | തറികളും വാങ്ങിക്കഴിഞ്ഞു. ആയതിലേക്കുള്ള നെയ്ത്ത് പരിശീലനം നടക്കുന്നു. പരിശീലനം പൂർത്തീകരിക്കുന്ന മുറയ്ക്ക് തന്നെ ടി 15 ഖാദി ഗ്രാമങ്ങളുടെ പദ്ധതി പൂർത്തീകരണം നടക്കുന്നതാണ്. ഖാദി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റേയും ഖാദി ഗ്രാമം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കുമായി കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരിയിൽ ചർക്ക, തറി, റിപ്പയറിംഗ് യൂണിറ്റ്, സ്പെയർപാർട്സ് ഗോഡൌൺ, നെയ്ത്ത് പരിശീലന കേന്ദ്രം എന്നിവ സ്ഥാപിക്കുകയും ആയതിന്റെ പദ്ധതി പൂർത്തീകരണവും ക്രമീകരണങ്ങളും നടന്നു വരുകയും ചെയ്യുന്നു. വരും വർഷങ്ങളിൽ മറ്റു ജില്ലകളിൽ കൂടി ടി പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ